**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 249** **27-06-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് മരണങ്ങളുടെ കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2022 ജനുവരി 1 മുതൽ നാളിതുവരെ എത്ര പേർക്ക് കോവിഡ് പോസിറ്റീവ് സ്ഥിരീകരിച്ചിട്ടുണ്ടെന്നും എത്ര കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നും ഉള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് 2022 ജനുവരി 1 മുതൽ ജൂൺ 20 വരെ 13,57,316 പേർക്ക് കോവിഡ് സ്ഥിരീകരിച്ചിട്ടുണ്ട്. ദിനംപ്രതിയുള്ള റിപ്പോർട്ടിംഗിലൂടെയുള്ള 5,574 മരണങ്ങളും 16,529 അപ്പീൽ മുഖേന ഉൾപ്പെടുത്തിയ മരണങ്ങളും ഉൾപ്പെടെ ഈ കാലയളവിൽ 22,103 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | കോവിഡ് ബാധിച്ച് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുള്ള ധനസഹായം ലഭിക്കുന്നതിനായി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര അപേക്ഷകളിന്മേൽ ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്നും ഉള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | കോവിഡ് ബാധിച്ച് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുള്ള ധനസഹായം സംബന്ധിച്ച് 21/06/2022 വരെയുള്ള വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു. |
| (സി) | നിലവിൽ സംസ്ഥാനത്തെ കോവിഡ് ടി.പി.ആർ. ദേശീയ ശരാശരിയെക്കാൾ കൂടുതലാണോ; ആണെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ? | (സി) | കേരളത്തിൽ ഐ.സി.എം.ആർ.-ന്റെ നിർദ്ദേശാനുസരണം 10.01.2022 മുതൽ പർപ്പസ്സീവ് ടെസ്റ്റിംഗ് എന്ന സ്ട്രാറ്റജിയാണ് നടപ്പിലാക്കി വരുന്നത്. പർപ്പസ്സീവ് ടെസ്റ്റിംഗ് പ്രകാരം രോഗലക്ഷണങ്ങൾ ഉള്ളവരെയും അവരുടെ സമ്പർക്കപ്പട്ടികയിൽ പ്രമേഹം, ഹൈപ്പർ ടെൻഷൻ, വൃക്കരോഗങ്ങൾ, ക്യാൻസർ, 60 വയസ്സിനു മുകളിലുള്ളവർ എന്നിങ്ങനെ രോഗം വരാൻ സാധ്യത കൂടിയവരെയും അന്താരാഷ്ട്ര യാത്ര നടത്തുന്നവരെയുമാണ് പരിശോധിക്കാൻ നിഷ്കർഷിച്ചിട്ടുള്ളത്. ഇതു കൂടാതെ അത്യാവശ്യഘട്ടങ്ങളിൽ മാത്രം ആശുപത്രിയിൽ അഡ്മിറ്റ് ആയവരെയും പരിശോധനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി രോഗമുള്ളവരെ വളരെ നേരത്തേ കണ്ടെത്തി അവർക്ക് കൃത്യമായ ചികിത്സ നൽകുവാനും, മരണവും, മറ്റു സങ്കീർണ്ണതകളും ഒരു പരിധിവരെ കുറയ്ക്കുവാനും സാധിക്കുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ |

| | | | |
|---|---|---|---|
| | | | താരതമ്യം ചെയ്യുമ്പോൾ കോവിഡിന്റെ ഓരോ ഘട്ടങ്ങളിലും കേരളത്തിലെ 14 ജില്ലകളിലും കൃത്യമായ ആരോഗ്യ, ഭൗതിക സാഹചര്യം യഥാസമയം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതിനാൽ, രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായപ്പോഴും കേരളത്തിന്റെ ആരോഗ്യ സംവിധാനം ഒരു ഘട്ടത്തിലും സമ്മർദ്ദത്തിലായിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## 2022 ജനുവരി 1 മുതൽ ജൂൺ 20 വരെ കോവിഡ് പോസിറ്റീവ് സ്ഥിരീകരിച്ചവരുടെ എണ്ണം

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 2,09,087 |
| 2. | കൊല്ലം | 1,01,161 |
| 3. | പത്തനംതിട്ട | 64,134 |
| 4. | ആലപ്പുഴ | 66,648 |
| 5. | കോട്ടയം | 1,11,654 |
| 6. | ഇടുക്കി | 52,364 |
| 7. | എറണാകുളം | 2,58,801 |
| 8. | തൃശ്ശൂർ | 1,23,880 |
| 9. | പാലക്കാട് | 66,983 |
| 10. | മലപ്പുറം | 69,471 |
| 11. | കോഴിക്കോട് | 1,18,840 |
| 12. | വയനാട് | 33,338 |
| 13. | കണ്ണൂർ | 57,671 |
| 14. | കാസർഗോഡ് | 23,284 |
| | **ആകെ** | **13,57,316** |

## 2022 ജനുവരി 1 മുതൽ ജൂൺ 20 വരെ കോവിഡ് ബാധിച്ച് മരിച്ചവരുടെ എണ്ണം

| ക്രമ നമ്പർ | ജില്ല | ദിവസേനയുള്ള മരണ നിരക്ക് | അപ്പീൽ പരിഗണിച്ച് കോവിഡ് മരണ പട്ടികയിൽ ഉൾപ്പെടുത്തിയവർ |
|---|---|---|---|
| 1. | തിരുവനന്തപുരം | 742 | 1,409 |
| 2. | കൊല്ലം | 453 | 1,495 |
| 3 | പത്തനംതിട്ട | 294 | 407 |
| 4. | ആലപ്പുഴ | 365 | 1,285 |
| 5. | കോട്ടയം | 472 | 1,393 |

| | | | |
|---|---|---|---|
| 6. | ഇടുക്കി | 168 | 374 |
| 7. | എറണാകുളം | 675 | 2,042 |
| 8. | തൃശ്ശൂർ | 526 | 1,623 |
| 9. | പാലക്കാട് | 437 | 1,423 |
| 10. | മലപ്പുറം | 414 | 2,357 |
| 11. | കോഴിക്കോട് | 510 | 1,564 |
| 12. | വയനാട് | 102 | 167 |
| 13. | കണ്ണൂർ | 336 | 601 |
| 14. | കാസർഗോഡ് | 80 | 389 |
| | **ആകെ** | **5,574** | **16,529** |

അനുബന്ധം 2

**കോവിഡ് ധനസഹായത്തിനായി ലഭിച്ച അപേക്ഷകളുമായി ബന്ധപ്പെട്ട 21/06/2022 വരെയുള്ള കണക്ക്**

| ക്രമ നമ്പർ | ജില്ല | കോവിഡ് എക്സ് ഗ്രേഷ്യയ്ക്കായി ലഭിച്ച അപേക്ഷകൾ | കോവിഡ് എക്സ് ഗ്രേഷ്യ അനുവദിച്ച അപേക്ഷകൾ |
|---|---|---|---|
| 1. | തിരുവനന്തപുരം | 7901 | 7664 |
| 2. | കൊല്ലം | 6387 | 6102 |
| 3 | പത്തനംതിട്ട | 2423 | 2290 |
| 4. | ആലപ്പുഴ | 4835 | 4693 |
| 5. | കോട്ടയം | 4348 | 4324 |
| 6. | ഇടുക്കി | 1448 | 1401 |
| 7. | എറണാകുളം | 7474 | 6965 |
| 8. | തൃശ്ശൂർ | 7056 | 6622 |
| 9. | പാലക്കാട് | 5582 | 5365 |
| 10. | മലപ്പുറം | 6358 | 5706 |
| 11. | കോഴിക്കോട് | 5925 | 5765 |
| 12. | വയനാട് | 881 | 871 |
| 13. | കണ്ണൂർ | 4383 | 4311 |
| 14. | കാസർഗോഡ് | 1531 | 1479 |
| | **ആകെ** | **66,532** | **63,558** |